**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 222** **07-10-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി ജോയി,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീമതി ദെലീമ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങളിൽ ഒന്നായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, 2000 ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകൃതമായിട്ടുള്ള ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. സംസ്ഥാനത്ത് സ്പോർട്സ് പ്രോൽസാഹിപ്പിക്കുന്നതിനും, കായികക്ഷമത വർദ്ധിപ്പിക്കുന്നതിനും, എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും, സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും 2000-ലെ കേരള സ്പോർട്സ് ആക്ടിൽ വിഭാവനം ചെയ്തിട്ടുണ്ട്. 2000 ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും, 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരുകയുണ്ടായി. നിലവിൽ തദ്ദേശ സ്വയംഭരണ തലത്തിലുള്ള ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ/കോളേജ് സ്പോർട്സ് അക്കാഡമികൾ, ഗ്രാമീണ പരിശീലന കേന്ദ്രങ്ങൾ, കായിക പരിശീലന കേന്ദ്രങ്ങൾ, ഡേ ബോർഡിംഗ് സെന്ററുകൾ എന്നിവയുൾപ്പെടെ വിവിധ കായിക അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്തു വരുന്നു.<br><br>കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി മികച്ച കായിക |

താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നത് ലക്ഷ്യമാക്കി വിവിധ കായിക ഇനങ്ങളിലായി നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ 28 ജില്ലാ സ്പോർട്സ് അക്കാഡമികളും, 40 കോളേജ് സ്പോർട്സ് അക്കാഡമികളും, 13 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചു വരുന്നു. ഹോസ്റ്റലിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജായി പ്രതിദിനം 250/- രൂപ അനുവദിച്ചു വരുന്നു. കൂടാതെ, ഇവരുടെ ചികിത്സാ ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശിലനം നൽകി വരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.

കൂടാതെ, സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളുടെ സഹകരണത്തോടെ കുട്ടികളിലും, വിദ്യാർത്ഥികളിലും, മറ്റും കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും, കായിക സാക്ഷരതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള കായികക്ഷമത മിഷൻ. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, മറ്റു ഇതര വകുപ്പുകളും സംയുക്തമായി ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. 5 വിഭാഗങ്ങളിലായി സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ടി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നഴ്സറി തലം മുതൽ 5 വയസ്സു വരെയും, 6 വയസ്സു മുതൽ 17 വയസ്സു വരെയും, 17വയസ്സു മുതൽ 59 വയസ്സു വരെയും, പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും എന്നിങ്ങനെയുള്ള 4 ഏജ് ഗ്രൂപ്പുകളിലായാണ് കായിക ക്ഷമത മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സംസ്ഥാന കായിക സംഘടനകൾക്ക് അംഗീകാരം നൽകുന്നത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുളള സംസ്ഥാന കായിക സംഘടനകൾ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പുകൾക്കും, കോച്ചിംഗ് ക്യാമ്പ്

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നതിനും, അംഗീകാരമുള്ള സംസ്ഥാന അസോസിയേഷനെ പ്രതിനിധീകരിച്ച് ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് യാത്രാബത്ത, ദിനബത്ത, സ്പോർട്സ് കിറ്റ്, മെഡിക്കൽ സഹായവും കൗൺസിൽ നൽകി വരുന്നു. ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് ക്യാഷ് അവാർഡും നൽകി വരുന്നു. |
| (ബി) | സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്പോർട്സ് അക്കാദമികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തനം വിശദമാക്കാമോ; | (ബി) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ 28 ജില്ലാ സ്പോർട്സ് അക്കാഡമികളും, 40കോളേജ് സ്പോർട്സ് അക്കാഡമികളും, 13 സ്കൂൾ സ്പോർട്സ് അക്കാഡമികളും പ്രവർത്തിച്ചു വരുന്നു. കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് വിദഗ്ധ പരിശീലനം നൽകുന്നത് ലക്ഷ്യമാക്കിയാണ് വിവിധ കായിക ഇനങ്ങളിലായി സ്പോർട്സ് അക്കാഡമികൾ പ്രവർത്തിച്ചു വരുന്നത്. സ്പോർട്സ് അക്കാഡമികളിലെ കായികതാരങ്ങൾക്ക് ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജ്ജായി പ്രതിദിനം 250/- രൂപ അനുവദിച്ചു വരുന്നു. കൂടാതെ, ഇവരുടെ ചികിത്സാ ചെലവുകൾ, മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാബത്ത, ദിനബത്ത കൗൺസിൽ വഹിക്കുന്നു. കൗൺസിലിന്റെ വിദഗ്ധ പരിശീലകരുടെ നേതൃത്വത്തിൽ ഇവർക്ക് പരിശീലനം നൽകി വരുന്നു. പ്രസ്തുത ഹോസ്റ്റലുകളിലെ പരിശീലനത്തിന് ആവശ്യമായ കായിക ഉപകരണങ്ങൾ, സ്പോർട്സ് കിറ്റ് എന്നിവയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകി വരുന്നു. |
| (സി) | സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി. വി. രാജാ അവാർഡ്, സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകനുള്ള അവാർഡ്, മികച്ച കായിക അധ്യാപക അവാർഡ്, മികച്ച കായിക നേട്ടം കൈവരിച്ച സ്കൂൾ, മികച്ച കായിക നേട്ടം കൈവരിച്ച കോളേജ്, മാധ്യമ അവാർഡുകൾ, കോളേജ്/സ്കൂൾ/ സെൻട്രലൈസ്ഡ് സ്പോർട്സ് അക്കാദമി വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ, വനിത കായിക താരങ്ങൾക്കുള്ള അവാർഡുകൾ എന്നിവ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.<br><br>**<u>ജി വി രാജ അവാർഡ്</u>** |

ദേശീയ/അന്തർദേശീയ കായിക രംഗത്ത് കേരളത്തെ പ്രതിനിധാനം ചെയ്ത് മികച്ച പ്രകടനം കാഴ്ചവെച്ച കേരളീയരായ കായിക താരങ്ങളെയാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി. വി. രാജ അവാർഡിനായി പരിഗണിക്കുന്നത്. 4 സാമ്പത്തിക വർഷ കാലയളവിൽ ഒളിമ്പിക്സ്, അംഗീകൃത വേൾഡ് ചാമ്പ്യൻഷിപ്പുകൾ (സീനിയർ) കോമൺവെൽത്ത് ഗെയിംസ് തുടങ്ങി അംഗീകൃത അന്തർദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയവരായിരിക്കണം.

**<u>സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്</u>**

കേരള കായിക രംഗത്തിനു സമഗ്ര സംഭാവനകൾ നൽകിയ ഒരു വ്യക്തിക്ക് ആജീവനാന്ത കായിക നേട്ടങ്ങൾ പരിഗണിച്ച് നൽകുന്ന അവാർഡാണ് സുരേഷ്ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്.

**<u>മികച്ച കായിക പരിശീലകനുള്ള അവാർഡ്</u>**

കായിക രംഗത്തെ പരിശീലന മികവിന്റെ അടിസ്ഥാനത്തിലാണ് മികച്ച കായിക പരിശീലകനുള്ള അവാർഡിനായി തെരഞ്ഞെടുക്കുന്നത്. കേരളത്തിൽ സേവനം അനുഷ്ഠിക്കുകയും കേരളത്തിലെ കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നവരെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്.

**<u>മികച്ച കായിക അധ്യാപക അവാർഡ്</u>**

കായിക രംഗത്ത് മികച്ച പ്രകടനം കാഴ്ച വെച്ച സ്കൂൾ/ കോളേജുകളിലെ കായിക അദ്ധ്യാപകരുടെ കായിക നേട്ടത്തിന്റെയും പരിശീലന മികവിന്റെയും അടിസ്ഥാനത്തിൽ മികച്ച കായിക അദ്ധ്യാപക അവാർഡ് നൽകി വരുന്നു.

**<u>മികച്ച കായിക നേട്ടം കൈവരിച്ച സ്കൂൾ/ കോളേജ്</u>**

മികച്ച കായികനേട്ടം കൈവരിച്ച സ്കൂളിനും, കോളേജിനും അവാർഡ് നൽകി വരുന്നു.

**<u>മാധ്യമ അവാർഡുകൾ</u>**

മികച്ച സ്പോർട്സ് ജേർണലിസ്റ്റ്, മികച്ച സ്പോർട്സ് ഫോട്ടോഗ്രാഫർ, മികച്ച കായിക ദൃശ്യമാധ്യമം, മികച്ച സ്പോർട്സ് പുസ്തകം എന്നീ വിഭാഗങ്ങളിലായി അവാർഡുകൾ നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | **കോളേജ്/സ്കൂൾ സ്പോർട്സ് അക്കാഡമി (സ്പോർട്സ് ഹോസ്റ്റൽ) വിഭാഗത്തിൽ ഏറ്റവും മികച്ച കായിക നേട്ടങ്ങൾ കൈവരിച്ച പുരുഷ/വനിത കായികതാരങ്ങൾക്കുള്ള അവാർഡും നൽകി വരുന്നു.** |
| (ഡി) | സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വനിതാ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് വനിതാ ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ എറണാകുളം ജില്ലയിലെ പനമ്പിള്ളി നഗറിൽ വനിത ഫുട്ബോൾ അക്കാഡമി ആരംഭിക്കുകയും പ്രസ്തുത അക്കാഡമിയിൽ പുതിയ ഒരു ഫുട്ബോൾ പരിശീലകയെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്. അണ്ടർ 14 വിഭാഗത്തിൽ ഉൾപ്പെടുന്ന വനിതാ കായികതാരങ്ങളെ സെലക്ഷൻ ട്രയൽസ് നടത്തിയാണ് തെരഞ്ഞെടുക്കുന്നത്. നിലവിൽ 15 കായിക താരങ്ങൾ ടി അക്കാഡമിയിൽ പരിശീലനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ